**സബ്മിഷൻ**

1.വർദ്ധിച്ചുവരുന്ന കൊലപാതകങ്ങളും നിയമവിരുദ്ധ പ്രവർത്തനങ്ങളും

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ വടക്കൻ മേഖലയിൽ അടുത്തകാലത്തായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന കൊലപാതകങ്ങൾ, മദ്യം, മയക്കുമരുന്ന് കടത്ത്, ഗുണ്ടാപ്രവർത്തനങ്ങൾ എന്നിവ കർശനമായി തടയുന്നതിനായി പ്രത്യേക അന്വേഷണസംഘത്തെ നിയോഗിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. ഇക്കഴിഞ്ഞ ദിവസം പുത്തികയിലെ പ്രവാസിയായ അബൂബക്കർ സിദ്ദിഖ് എന്ന യുവാവിനെ ഗൾഫിൽനിന്ന് വിളിച്ചുവരുത്തി ക്വട്ടേഷൻ സംഘം പൈവിളിക അജ്ഞാതകേന്ദ്രത്തിൽ കെട്ടിയിട്ട് അതിക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്തി. കൊലനടക്കുന്നതിന് രണ്ടുദിവസംമുമ്പ് അബൂബക്കർ സിദ്ദിഖിന്റെ സഹോദരൻ അൻവറിനെയും സുഹൃത്ത് അൻസാദിനെയും വീട്ടിൽനിന്ന് പിടിച്ചുകൊണ്ടുപോയി ഇതേ കേന്ദ്രത്തിൽവച്ച് രണ്ടുദിവസം കെട്ടിയിട്ട് ക്രൂരമായി മർദ്ദിക്കുകയുണ്ടായി. അബൂബക്കർ സിദ്ദിഖിനെക്കൂടി ഗൾഫിൽനിന്ന് വിളിച്ചുവരുത്തി ബന്ദിയാക്കി മർദ്ദിച്ച് കൊലപ്പെടുത്തിയതിനുശേഷമാണ് മറ്റ് രണ്ടുപേരെയും വിട്ടയച്ചത്.

കൊല്ലപ്പെട്ട സിദ്ദിഖിനെ ഉപ്പളയിലുള്ള സ്വകാര്യാശുപത്രിയിലെ വരാന്തയിൽ കൊണ്ടുതള്ളിയശേഷം അക്രമികൾ രക്ഷപ്പെടുകയാണ് ചെയ്തത്. ഈ കൊലയ്ക്കും അക്രമത്തിനും പിന്നിൽ കള്ളക്കടത്ത്, ഡോളർ കടത്ത്, മയക്കുമരുന്ന് കടത്ത്, ആളെകൊല്ലാൻ ക്വട്ടേഷനെടുക്കൽ തുടങ്ങിയ എല്ലാ നിയമവിരുദ്ധ പ്രവർത്തനങ്ങളുമുണ്ട്. ഈ കൊലയാളി സംഘം നാട്ടിലെ സാധാരണ ജനങ്ങളെയും ഭീഷണിപ്പെടുത്തി വരികയാണ്. അവർക്ക് എതിരായി നിൽക്കുന്നവരെ അക്രമിക്കുന്നു. നാടിനെ വിറപ്പിക്കുന്ന ഗുണ്ടാമാഫിയ-ക്വട്ടേഷൻ സംഘത്തെ അടിച്ചമർത്തിയില്ലെങ്കിൽ നാട്ടിൽ സമാധാനജീവിതമുണ്ടാകില്ല. ഇപ്പോൾ നടന്ന സംഭവം കേവലമൊരു കൊലപാതകം മാത്രമായി അന്വേഷിച്ചാൽ പോരാ. അതിന്റെ പിന്നിലുള്ള എല്ലാ സാമ്പത്തികബന്ധങ്ങളും പുറത്തുകൊണ്ടുവരണം. എല്ലാ പ്രതികളെയും നിയമത്തിനുമുമ്പിൽ കൊണ്ടുവരണം. ഈ ഗുണ്ടാസംഘത്തെ അടിച്ചമർത്തണം. ഇതിനായൊരു പ്രത്യേക അന്വേഷണസംഘത്തെ നിയോഗിക്കണം. ഇവരുടെ രാഷ്ട്രീയബന്ധംകൂടി അന്വേഷിക്കണം. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഈ സംഭവത്തെ ഗൗരവമായെടുത്ത് ആവശ്യമായ ഇടപെടൽ നടത്തണമെന്നാണ് ഈ

സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാനും ഇതേ വിഷയം സംബന്ധിച്ച് കത്ത് നൽകിയിരുന്നു.

മി. സ്പീക്കർ: അങ്ങയുടെ കത്തുണ്ട്, പക്ഷേ അങ്ങനെ അനുവദിക്കുന്ന കീഴ്വഴക്കം സാധാരണയില്ല. (.......ബഹളം......) അത് സബ്മിഷൻ അനന്തമായി നീണ്ടുപോകുന്നതിനിടയാക്കും. (.......ബഹളം......)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാസർഗോഡ് ജില്ലയിലെ വടക്കൻമേഖലയിൽ മദ്യ-മയക്കുമരുന്ന്, ഗുണ്ടാപ്രവർത്തനങ്ങൾ തടയുന്നതിന് കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെടുന്നവർക്കെതിരെ മജിസ്റ്റീരിയൽതല നടപടികളും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള കാപ്പ നിയമപ്രകാരവും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ മജിസ്ട്രേറ്റ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 19 പേർക്കെതിരെ കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ 16 പേർ കരുതൽ തടങ്കലിലാണ്. ഇതിനുപുറമെ 6 പേർക്കെതിരെ നാടുകടത്തൽ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലയിൽ മയക്കുമരുന്നുപയോഗവും വ്യാപനവും കർശനമായി തടയുന്നതിന്റെ

ഭാഗമായി ഇക്കൊല്ലം ഇതിനോടകം 500 കേസുകളിലായി 597 പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്. 2021-ൽ റിപ്പോർട്ടുചെയ്ത 78 ഭവനഭേദന കേസ്സുകളിൽ 23 എണ്ണത്തിലും ഇക്കൊല്ലം റിപ്പോർട്ടുചെയ്ത 49 കേസ്സുകളിൽ 20 എണ്ണത്തിലും പ്രതികളെ പിടികൂടി നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. 26-06-2022-ന് വിദേശത്തുനിന്നും തിരികെയെത്തിയ കാസർഗോഡ് സ്വദേശി അബൂബക്കർ സിദ്ദിഖ് എന്നയാളെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ സംഭവത്തിൽ കുമ്പള പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. അബൂബക്കർ സിദ്ദിഖിന് പ്രതികളിൽ ചിലരുമായി സാമ്പത്തിക ഇടപാടുകളുണ്ടായിരുന്നതായും ഇതുസംബന്ധിച്ച തർക്കമാണ് കൊലപാതകത്തിലേയ്ക്ക് നയിച്ചതെന്നും അറിവായിട്ടുണ്ട്. മഞ്ചേശ്വരം പോലീസ് ക്രൈം 493/22 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും 6 പ്രതികളെ അറസ്റ്റുചെയ്ത് റിമാൻഡിൽ പാർപ്പിച്ചിരിക്കുകയുമാണ്. മറ്റ് പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ ജാഗ്രതപ്പെടുത്തിയിട്ടുണ്ട്. പൈവിളികയിൽനിന്ന് ഈയിടെ രണ്ടുപേരെ തട്ടിക്കൊണ്ടുപോയി അന്യായ തടങ്കലിൽ പാർപ്പിച്ച് ദേഹോപദ്രവമേൽപ്പിച്ചശേഷം ഉപേക്ഷിച്ച മറ്റൊരു സംഭവം കാസർഗോഡ്

ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം അന്വേഷണം നടത്തിവരികയാണ്. ജില്ലയിൽ സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിന് ശക്തമായ നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്.

2. മഹാത്മാഗാന്ധിയുടെ ഫോട്ടോ തകർത്ത സംഭവം

ശ്രീ. വി. ജോയി: സർ, കഴിഞ്ഞ ഒരാഴ്ചയിലധികമായി കേരളത്തിനകത്തും പുറത്തും നടക്കുന്ന വിവാദപരമായ ഒരു പ്രശ്നത്തിന്റെ സ്പഷ്ടീകരണത്തിനുവേണ്ടിയിട്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ശ്രീ. രാഹുൽഗാന്ധിയുടെ വയനാട്ടിലുള്ള ഓഫീസിലേയ്ക്ക് എസ്.എഫ്.ഐ. വിദ്യാർത്ഥികൾ നടത്തിയ മാർച്ചിനോടനുബന്ധിച്ച് ഇല്ലാത്ത ഒരു കാര്യം പൊതുസമൂഹത്തിന്റെ മുൻപാകെ കോൺഗ്രസ്സും യു.ഡി.എഫ്.ഉം ആവർത്തിച്ച് പറഞ്ഞിരുന്നു. ആ മാർച്ചിന്റെ ഭാഗമായി എസ്.എഫ്.ഐ. വിദ്യാർത്ഥികൾ മഹാത്മാഗാന്ധിയുടെ ചിത്രം വലിച്ചെറിയുകയും ഫയലുകളും ഓഫീസ് ഉപകരണങ്ങളും നശിപ്പിക്കുകയും ചെയ്തുവെന്നുമാണ് പ്രചരിപ്പിച്ചത്. എന്നാൽ തുടർന്ന് മാധ്യമങ്ങളിലൂടെതന്നെ അത് തെറ്റാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. ഇന്ന് കോൺഗ്രസ്സിന് ബുദ്ധി

ഉപദേശിച്ചുകൊടുക്കുന്ന, നാളത്തെ അജണ്ട എന്നായിരിക്കണമെന്ന് തീരുമാനിച്ചുകൊടുക്കുന്ന 'മലയാള മനോരമ' ദിനപത്രത്തിന്റെ ഒന്നാമത്തെ പേജിൽ തിരുവനന്തപുരത്തിന്റെ പ്രധാനപ്പെട്ട ലേഖകന്മാരിലൊരാളായ ശ്രീ. ജി. വിനോദ് 'ഗാന്ധി ചിത്രം തകർത്തത് എസ്.എഫ്.ഐ. അല്ല' എന്ന തലക്കെട്ടോടുകൂടി ഒരു വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിനകത്ത് സൂചിപ്പിക്കുന്നത്, എസ്.എഫ്.ഐ. പ്രവർത്തകർ പോയതിനുശേഷം വൈകുന്നേരം 4.00 മണിക്ക് എടുത്ത ചിത്രങ്ങളിൽ മഹാത്മാഗാന്ധിയുടെ ചിത്രം ഉണ്ടായിരുന്നെന്നും കോൺഗ്രസ്സുകാർ വന്നതിനുശേഷം 4.30-ഓടുകൂടിയാണ് ഇത് അപ്രത്യക്ഷമായതെന്നുമാണ് പറയുന്നത്. ഇതുമായി ബന്ധപ്പെട്ടുള്ള സ്പഷ്ടീകരണത്തിനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിച്ചിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 24-06-2022-ന് വയനാട് എം.പി.യുടെ കൽപ്പറ്റയിലുള്ള ഓഫീസിലേയ്ക്ക് വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ നടത്തിയ മാർച്ചിനിടെ ഏതാനും പ്രവർത്തകർ എം.പി.യുടെ ഓഫീസിലേയ്ക്ക് അതിക്രമിച്ച് കയറി നാശനഷ്ടങ്ങൾ വരുത്തിയിരുന്നു. ഈ സംഭവത്തിന് കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ ക്രൈം

നമ്പർ 534/22 ആയി ഒരു കേസും എം.പി. ഓഫീസിലെ ജീവനക്കാരന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 535/22 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിരുന്നു. ഈ കേസിന്റെ അന്വേഷണത്തിൽ 24-06-2022-ന് വൈകുന്നേരം 3.54-ഓടെ എം.പി.യുടെ ഓഫീസിൽ അതിക്രമിച്ച് കടന്ന പ്രവർത്തകരെയെല്ലാം ഓഫീസിൽനിന്നും പുറത്താക്കിയിരുന്നു എന്നാണ് മനസ്സിലാകുന്നത്. അതിനുശേഷം വൈകുന്നേരം 4.04-ഓടെ പോലീസ് ഡിപ്പാർട്ടുമെന്റ് ഫോട്ടോഗ്രാഫർ സംഭവസ്ഥലത്തിന്റെ ദൃശ്യങ്ങൾ പകർത്തിയതിൽ മഹാത്മാഗാന്ധിയുടെ ഫോട്ടോ യഥാസ്ഥാനത്തുതന്നെ ഉണ്ടായിരുന്നതായി പോലീസിന് മൊഴി ലഭിച്ചിട്ടുണ്ട്. മാതൃഭൂമി ഉൾപ്പെടെയുള്ള മലയാളം ചാനലുകൾ ഇതേസമയത്ത് വീഡിയോ റിക്കോർഡ് ചെയ്ത് ടി.വി. ചാനലുകൾവഴി ഇക്കാര്യം സംപ്രേക്ഷണം ചെയ്തിട്ടുള്ളതുമാണ്. വിദ്യാർത്ഥി സംഘടനാ പ്രവർത്തകരെ ഓഫീസിൽനിന്നും പുറത്താക്കിയശേഷം കോൺഗ്രസ്സ് പ്രവർത്തകരാണ് ഓഫീസിലുണ്ടായിരുന്നത്. തുടർന്ന് വൈകുന്നേരം 4.29-ന് രണ്ടാമത് ഫോട്ടോ എടുക്കുമ്പോൾ എം.പി.യുടെ ഓഫീസ് മുറിക്കകത്ത് മഹാത്മാഗാന്ധിയുടെ ചിത്രം നിലത്ത് വീണും ചില്ലുകൾ തകർന്ന

നിലയിലുമായി കണ്ടുവെന്നും പോലീസ് ഡിപ്പാർട്ടുമെന്റ് ഫോട്ടോഗ്രാഫർ അന്വേഷണ ഉദ്യോഗസ്ഥന് മൊഴി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പോലീസിൽ പരാതി ലഭിച്ചിട്ടുണ്ട്, അതും അന്വേഷിച്ചുവരികയാണ്.

3. സർവ്വേയർമാർക്ക് ചെയിൻമാൻ വേജസ്

ശ്രീ. എം. എം. മണി: സർ, സംസ്ഥാനത്താകെ സർവ്വേയർമാർക്ക് ചെയിൻമാൻ വേജസ് ആനുകൂല്യം നൽകുന്നുണ്ട്, പക്ഷെ ഇടുക്കി ജില്ലയിൽമാത്രം അത് നിഷേധിക്കുന്നു എന്നൊരു പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഈ വിഷയത്തിൽ ഇടപെട്ട് ഒരു പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി(ശ്രീ. കെ. രാജൻ): സർ, ഇടുക്കി ജില്ലയിലെ വനാവകാശ നിയമം 2006 പ്രകാരമുള്ള സർവ്വേ ജോലികൾ നിർവ്വഹിച്ചതിനുള്ള ചെയിൻമാൻ വേജസ് കേരള ഭൂരേഖാ നവീകരണ മിഷൻ പ്രോജക്ട് ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും പ്രത്യേകമായി അനുവദിച്ചുനൽകിയിട്ടുള്ള ഫണ്ടിൽനിന്നും മാറിനൽകിയിട്ടുണ്ട്, ഇതിൽ കുടിശ്ശികയില്ല. എന്നാൽ ഇടുക്കി ജില്ലയിൽ മറ്റിതര പട്ടയ സർവ്വേ ജോലികൾ നിർവ്വഹിക്കുന്ന സർവ്വേയർമാർക്ക് ചെയിൻമാൻ വേജസ് ജില്ലാ

കളക്ടർ മുഖേന അനുവദിച്ച് നൽകേണ്ടതുണ്ട്. ഇടുക്കി ജില്ലയിൽ പട്ടയം ഓഫീസുകളിൽ ജോലി ചെയ്യുന്ന സർവ്വേയർമാർക്ക് ചെയിൻമാൻ വേജസ് നൽകുന്നില്ല എന്നുള്ള വിഷയം ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് ശരിയാണ്, അത് ശ്രദ്ധയിൽപ്പെട്ടിട്ടുമുണ്ട്. ആയതിന് പ്രത്യേകമായി ഈ ഇനത്തിൽ ഫണ്ട് വകയിരുത്തേണ്ടതുണ്ട്. ഇടുക്കി ജില്ലയിലെ പട്ടയ വിതരണ നടപടികളുമായി ബന്ധപ്പെട്ട് അഞ്ച് ലക്ഷം രൂപ ഫണ്ട് അനുവദിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് ജില്ലാ കളക്ടർ കത്ത് നൽകിയിരുന്നു. ഇടുക്കി ജില്ലയിൽ ഏഴ് പതിവ് സ്പെഷ്യൽ ഓഫീസുകളും അഞ്ച് താലൂക്ക് ഓഫീസുകളും മുഖാന്തിരം വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയ വിതരണ നടപടികൾക്ക് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിനുള്ള കത്താണ് ജില്ലാ കളക്ടേറ്റിൽനിന്നും ലഭ്യമായിട്ടുള്ളത്. എന്നാൽ പ്രസ്തുത കത്തിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പട്ടയ വിതരണ ഓഫീസുകളിൽ പട്ടയ സർവ്വേയുമായി ബന്ധപ്പെട്ട് സർവ്വേയർമാർക്ക് ചെയിൻമാൻ വേജസ് ഇനത്തിൽ നാളിതുവരെ എത്ര തുക

ആവശ്യമുണ്ടെന്നുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കുന്നതിന് ജില്ലയിലെ ഭൂപതിവ് സ്പെഷ്യൽ തഹസീൽദാർമാർക്കും സർവ്വേ ഡെപ്യൂട്ടി ഡയറക്ടർമാർക്കും സർവ്വേയർമാരുടെ ഡയറി പരിശോധിച്ച് വേജസ് ഫിക്സ് ചെയ്തുതരാൻ ഇടുക്കി ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങ് ഈ പ്രശ്നം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയ സാഹചര്യത്തിൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി പട്ടയ സർവ്വേ ജോലികൾ ചെയ്യുന്ന സർവ്വേയർമാർക്കുള്ള ചെയിൻമാൻ വേജസ് അടിയന്തരമായി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

4. <u>വിഴിഞ്ഞം തീരദേശ വില്ലേജുകളിലെ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം</u>

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, പലതവണ അങ്ങയുടെയും അങ്ങയുടെ മുൻഗാമിയുടെയും മുന്നിൽ ഉന്നയിച്ച ഒരു വിഷയമാണ് ഞാനിപ്പോൾ പറയുന്നത്. അങ്ങ് ചുമതലയേറ്റയുടൻതന്നെ ഈ വിഷയത്തിൽ അങ്ങേയ്ക്ക് നിവേദനം നൽകുകയും അതുപോലെതന്നെ ഈ കഴിഞ്ഞ ദിവസം അങ്ങ് വിളിച്ചുചേർത്ത ജില്ലയിലെ എം.എൽ.മാരുടെ യോഗത്തിലും ഈ വിഷയം ഉന്നയിക്കുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലെ തീരദേശത്തെ പട്ടയ പ്രശ്നങ്ങളെക്കുറിച്ച് നിരവധി തവണ സബ്മിഷനായും അല്ലാതെയും

ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. 497 പട്ടയങ്ങളാണ് എല്ലാ നടപടികളും പൂർത്തീകരിച്ച് സർക്കാരിന്റെ അനുമതിക്കായി ഇന്ന് കാത്തിരിക്കുന്നത്. പത്തും പന്ത്രണ്ടും വർഷം പഴക്കമുള്ള ഫയലുകളുമുണ്ട്. കേരള ലാൻഡ് അസൈൻമെന്റ് റൂൾസ് 1964-ലെ റൂൾ 24 അനുസരിച്ച് തീരദേശ പട്ടയങ്ങൾ അനുവദിക്കുന്നതിൽ സർക്കാരാണ് തീരുമാനമെടുക്കേണ്ടത്. മറ്റ് പട്ടയങ്ങൾ താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റി വഴി കൊടുക്കാൻ സാധിക്കും. പക്ഷെ ഇതിന് സർക്കാരിന്റെ അനുമതി വേണം. മാത്രമല്ല, ഇതിനുപുറമെ കളക്ടേറ്റിലും താലൂക്കിലും വില്ലേജിലെ റിപ്പോർട്ടുകൾക്കുമായി ഏകദേശം രണ്ടായിരത്തോളം അപേക്ഷകളാണുള്ളത്. ഇപ്പോഴത്തെ പ്രശ്നം, ഇന്ന് ലൈഫ് പദ്ധതിയിൽ വീട് ലഭിക്കണമെങ്കിൽ പട്ടയം വേണം. നേരത്തെ ഫിഷറീസ് ഡിപ്പാർട്ടുമെന്റുവഴി വീട് കൊടുത്തുകൊണ്ടിരുന്ന സമയത്താണെങ്കിൽ അവർക്ക് കൈവശാവകാശ രേഖ മാത്രം മതിയായിരുന്നു. പക്ഷെ ലൈഫിൽ വന്നതോടുകൂടി വീട് ലഭിക്കണമെങ്കിൽ പട്ടയം കൂടി വേണമെന്ന സ്ഥിതി വന്നിരിക്കുകയാണ്. വളരെ സീരിയസ്സായ ഈ വിഷയത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കണം, എന്തുകൊണ്ടാണ് ഇത്രയും വൈകുന്നതെന്ന് അങ്ങ് പറയണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയം ഗൗരവമുള്ളതാണെങ്കിലും അദ്ദേഹം തെറ്റിദ്ധരിച്ചുകൊണ്ടാണ് ഈ ചട്ടം ഉന്നയിച്ചത്. കേരള ലാൻഡ് അസൈൻമെന്റ് റൂൾസ് 1964-ലെ റൂൾ 24 തീരദേശത്തെ ഭൂമി പതിച്ചുകൊടുക്കാനുള്ളതല്ല, സർക്കാരിന്റെ പ്രത്യേകമായ അധികാരമനുസരിച്ച് കേരളത്തിലെ ഏത് ഭൂമിയും പതിച്ചുകൊടുക്കാനുള്ളതാണ്. പക്ഷെ തീരദേശ ഭൂമിയിൽ ഒരു പ്രശ്നമുണ്ട്, അങ്ങേയ്ക്ക് അറിയാമെന്ന് ഞാൻ കരുതുന്നു, Kerla Cadastral Survey അതിർത്തിക്ക് പുറത്തുള്ളത് കടൽ പുറമ്പോക്കാണ്. കടൽ പുറമ്പോക്ക് പതിച്ചുകൊടുക്കണമെങ്കിൽ സെൻട്രൽ സർവ്വേ ഓഫ് ഇന്ത്യയുടെ അനുമതിയോടെ സർവ്വേ ചെയ്ത് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കണം. കേരളത്തിൽ അടുത്ത നാല് വർഷക്കാലംകൊണ്ട് സമ്പൂർണ്ണ ഡിജിറ്റൽ സർവ്വേ ചെയ്യുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ഈ സന്ദർഭത്തിൽ ഇത്തരം ഭൂമികൾക്ക് പ്രത്യേക പ്രാധാന്യം നൽകി സർവ്വേ ചെയ്ത് രേഖകൾ തയ്യാറാക്കി തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതികൂടി വാങ്ങി അർഹരായവർക്ക് മുഴുവൻ പട്ടയം നൽകുന്ന കാര്യം

സർക്കാരിന്റെ പരിഗണനയിലുണ്ട്. സർവ്വേ ലാൻഡിൽപ്പെട്ടതും 'കടൽ പുറമ്പോക്ക്' എന്ന ഇനത്തിൽപ്പെട്ടതുമായ 469 അപേക്ഷകൾ പരിഗണിക്കുന്നതിന് തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിയും പ്രത്യേക സർക്കാർ ഉത്തരവും ആവശ്യമാണ്. ആയതിനാവശ്യമായ നടപടികൾ പുരോഗമിക്കുന്നുണ്ട്. സാധാരണ നിലയിൽ സർക്കാരിന് കൊടുക്കാൻ കഴിയുന്നതിന് പുറമെയുള്ള ചില ആവശ്യങ്ങൾ ഇതിന്റെ ഭാഗമായി വന്നതുകൊണ്ടാണ് കാലതാമസമുണ്ടായത്. തീർച്ചയായും അങ്ങ് നിരവധി തവണ ഈ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് ഗൗരവമായിതന്നെ കണ്ടുകൊണ്ട് ഡിജിറ്റൽ സർവ്വേയിൽ രേഖകൾ ആവശ്യമായ വിധത്തിൽ സാധ്യമാക്കി, തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി നേടി, എല്ലാവർക്കും ഭൂമി നൽകുക എന്ന ലക്ഷ്യത്തോടുകൂടി അത് നടപ്പിലാക്കും എന്ന കാര്യം അങ്ങയെ അറിയിക്കുകയാണ്.

5. <u>റാന്നിയിൽ കർഷകരുടെ കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കൽ</u>

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, റാന്നി നിയോജകമണ്ഡലത്തിലെ സങ്കീർണ്ണവും വൈവിദ്ധ്യവുമാർന്ന പട്ടയപ്രശ്നങ്ങൾ പരിഹരിക്കാൻ അങ്ങ്

നടത്തുന്ന പരിശ്രമങ്ങളെ വളരെ പ്രതീക്ഷയോടെയാണ് ഞങ്ങൾ കാണുന്നത്. എന്നാൽ പെരുമ്പെട്ടി മേഖല, എക്സ്-സർവ്വീസ് മെൻ കോളനി, പമ്പാവാലി, അരയാഞ്ഞിലിമൺ, കൊല്ലമുള, മണ്ണടി ശാല, അരയൻപാറ, ചണ്ണ, അടിച്ചിപ്പുഴ, ചൊള്ളനാവയൽ, കരികുളം, കണ്ണന്നുമൺ, പെരുനാട്, തൊണ്ടിക്കയം, അത്തിക്കയം, തെക്കേ തൊടി, വലിയ പതാൽ, തോണിക്കടവ്, പെരുമ്പെട്ടി, മുക്കുഴി, ഒളികല്ല്, പരുവ, കക്കുടുക്ക, കടുമീൻചിറ, പണക്കയം തുടങ്ങിയ പ്രദേശങ്ങളിലെല്ലാം സങ്കീർണ്ണമായ പട്ടയ പ്രശ്നങ്ങൾ തുടരുകയാണ്. പെരിമ്പട്ടിയിൽ മിനി സർവ്വേ ടീമിനെ നിയോഗിക്കുമെന്ന് പല തവണ പ്രഖ്യാപിച്ചുവെങ്കിലും ആ പദ്ധതി നടന്നിട്ടില്ല. 2021 സെപ്റ്റംബറിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റി സന്ദർശനം നടത്തിയിരുന്നു. പക്ഷെ റാന്നിയിൽ നാലായിരത്തോളം വരുന്ന കൈവശങ്ങളുടെ സർവ്വേ പൂർത്തീകരിക്കുന്നതിന് ഒരു സ്പെഷ്യൽ ടീമിനെ നമുക്ക് ആവശ്യമുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിലുൾപ്പെടെയുള്ള പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വനം, റവന്യൂ, ട്രൈബൽ ഡിപ്പാർട്ടുമെന്റിനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കേണ്ടത്

അനിവാര്യമാണ്. അതുപോലെതന്നെ കേന്ദ്ര സർക്കാരിൽ നമുക്ക് കൂടുതൽ സമ്മർദ്ദം ചെലുത്താൻ കഴിയേണ്ടതുണ്ട്. പല സ്ഥലങ്ങളിലും റീസർവ്വേ പൂർത്തീകരിക്കാത്തതിനാൽ റിക്കോർഡുകൾ ഉൾപ്പെടുത്തപ്പെടാത്ത പ്രദേശങ്ങളിൽ അടിയന്തരമായി സർവ്വേ ടീമിനെ നിയോഗിക്കേണ്ടതുണ്ട്. 1951-ൽ തിരുവിതാംകൂർ-കൊച്ചി സർക്കാർ കൈമാറിയതാണ് 1500 ഏക്കറോളം വരുന്ന എക്സ്-സർവ്വീസ് മെൻ കോളനി. ആ പ്രശ്നത്തിലും സർക്കാരിന്റെ ഇടപെടൽ അനിവാര്യമാണ്. റാന്നിയിൽ മലയോര മേഖലയിലെ ആദിവാസി വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ അവകാശമായ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ നടത്തുന്ന ശ്രമങ്ങൾ വേഗത്തിലാക്കണമെന്നും എത്രയും വേഗം പട്ടയം ലഭ്യമാക്കാൻ ഒരു സ്പെഷ്യൽ ടീമിനെ അനുവദിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ):സർ, വളരെ വിശദമായിട്ടുള്ള പ്രശ്നങ്ങളാണ് അങ്ങ് ഉന്നയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് അങ്ങ് പറയുന്ന എല്ലാ പ്രശ്നങ്ങളിലും റവന്യൂ വകുപ്പുമന്ത്രി എന്ന നിലയിൽ പലതവണ നേരിട്ടുവന്ന് യോഗങ്ങൾ നടത്തിയതാണ്.

കേരളത്തിലെ മുഴുവൻ വിഷയങ്ങളും പ്രത്യേകിച്ച് ആദിവാസി മേഖലയിലെ പ്രശ്നങ്ങളും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ ദേവസ്വം വകുപ്പുമന്ത്രിയും ഞാനും സംയുക്തമായി ചേർന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ മുന്നോട്ട് പോയതാണ്. വളരെ വിശാലമായൊരു മറുപടിയാണുള്ളത് അത് ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.+ അങ്ങ് ഉന്നയിച്ചതുപോലെ റാന്നി നിയോജകമണ്ഡലത്തിൽ അർഹരായവർക്ക് പട്ടയം നൽകുന്നതിനുവേണ്ടി റവന്യൂ വകുപ്പ് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കണമെന്ന ആവശ്യം ഗൗരവമായി പരിഗണിക്കുന്നതാണെന്ന് അങ്ങേയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു. ഡബ്ല്യൂ.സി.സി.-യിലൊക്കെ ആവശ്യത്തെക്കാൾ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നുവെന്നുള്ളതാണ് പ്രശ്നം. ഇക്കാര്യം നമുക്ക് കൂട്ടായി പരിശോധിക്കാം. അക്കാര്യത്തിൽ വലിയൊരു മുന്നേറ്റം നമുക്കുണ്ടാക്കാൻ സാധിക്കും.

## 6. മുനയം റെഗുലേറ്റർ -കം-ബ്രിഡ്ജ്

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, കൃഷി മേഖലയുമായി ബന്ധപ്പെട്ട വിഷയമാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. 300 ഏക്കർ

+അനുബന്ധമായി ചേർക്കുന്നു.

കൃഷി സ്ഥലവും കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട വിഷയമാണ്. തൃശ്ശൂർ ജില്ലയിലെ കോൾപ്പാടങ്ങളെ ഉപ്പുവെള്ള ഭീഷണിയിൽനിന്ന് സംരക്ഷിക്കുന്നതിനും കരുവന്നൂർ പുഴയിലേയ്ക്ക് ഉപ്പുവെള്ളം കയറി സമീപ പ്രദേശങ്ങളിൽ കുടിവെള്ളത്തിൽ ഉപ്പ് കലരുന്നത് തടയാനായി വിഭാവനം ചെയ്ത പദ്ധതിയാണ് മുനയം റെഗുലേറ്റർ- കം- ബ്രിഡ്ജ് പദ്ധതി. 82 മീറ്റർ നീളത്തിൽ നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് നാട്ടിക, ഇരിങ്ങാലക്കുട നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ളതാണ്. നബാർഡിന്റെയും ഐ.ആർ.ഡി.എഫ്.-ന്റെയും XXIII-ാം പദ്ധതിയിലുൾപ്പെടുത്തി 03-01-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം 24 കോടി രൂപയുടെ ഭരണാനുമതിയും 22.523 കോടി രൂപയുടെ സാങ്കേതിക അനുമതിയും പദ്ധതിക്ക് ലഭിച്ചിരുന്നു. 29-01-2021-ലെ ലാൻഡ് പ്ലാൻ തയ്യാറാക്കി സർവ്വേ നടത്തി പൂർത്തീകരിച്ചെങ്കിലും ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ വിജ്ഞാപനം പുറപ്പെടുവിക്കാനായിട്ടില്ല. 2018-ലെ പ്രളായാനന്തരം പാലത്തിന്റെ ഉയരത്തിൽ മാറ്റംവരികയും 24 കോടി രൂപയെന്ന എസ്റ്റിമേറ്റ് തുക ഒൻപത് കോടി രൂപ കൂടി അധികരിച്ച് 33 കോടി രൂപയായി മാറ്റിയിരിക്കുകയാണ്. 24 കോടി രൂപ മാത്രമെ നബാർഡിൽനിന്നും

അനുവദിച്ച് ലഭിക്കുകയുള്ളൂ. ബാക്കി വരുന്ന ഒൻപതുകോടി രൂപ സർക്കാർ പ്രത്യേകമായി അനുവദിക്കേണ്ടതുണ്ട്. 2018 ലെ പ്രളയത്തിനുശേഷമുണ്ടായ ബഡ്ജറ്റ് നിരക്ക് കണക്കാക്കി അധികമായി ഒഴികിവരുന്ന വെള്ളം കൂടി കടത്തിവിടാൻ തയ്യാറാക്കിയ 3.21 മീറ്റർ പാതയോട്ടുകൂടിയ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പുതിയ ഡിസൈൻ 2020 നവംബർ മാസത്തിൽ (........മൈക്ക് ഓഫ്......)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് അവസാനിപ്പിക്കണം. പ്ലീസ് കൺക്ലൂഡ്

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, ഡിസൈൻ തയ്യാറാക്കി വന്നതായും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് എത്രയും വേഗം ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തിനിന്നും ഉണ്ടാകണമെന്നാണ് സബ്മിഷനായി അവതരിപ്പിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ ഇവിടെ സൂചിപ്പിച്ചത്. 2018-ൽ 24 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രവൃത്തിയാണിത്. എസ്റ്റിമേറ്റ് പ്രകാരം സ്റ്റീൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ

പ്രവൃത്തികളും അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികളുമാണ് വിഭാവനം ചെയ്യുന്നത്. 2016 ഡി.എസ്.ആർ. പ്രകാരം 22.593 കോടിരൂപയ്ക്ക് സാങ്കേതിക അനുമതി നൽകുകയും സ്റ്റീൽ മെക്കാനിക്കൽ കരാറുകാർക്ക് പണി സ്ഥലം കൈമാറുകയും ചെയ്തു. കോവിഡ് -19 പകർച്ചവ്യാധിയും തുടർന്ന് 2018-19 -ലുണ്ടായ പ്രളയം കാരണവും പുതിയ ഡിസൈൻ ആവശ്യമായി വന്ന സാഹചര്യം നിലവിൽവന്നു. അക്കാരണത്താൽ അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കാനും പദ്ധതി നിർവ്വഹണം പൂർത്തിയാക്കാനും സാധിച്ചില്ല. അപ്പോഴേക്കും 2018 ഡി.എസ്.ആർ നിലവിൽ വരുകയും ചെയ്തു. 2018 ഡി.എസ്.ആർ പ്രകാരം എസ്റ്റിമേറ്റ് പുതിക്കിയപ്പോൾ അടങ്കൽതുക 33.3 കോടി രൂപയായി. അതായത് ഭരണാനുമതി നൽകിയതിനേക്കാൾ 9.3 കോടിരൂപ കൂടുതലാണിത്. നബാർഡ് ഫണ്ട് നഷ്ടമാകാതിരിക്കാൻ ഭരണാനുമതി നൽകിയതിനേക്കാൾ അധികരിച്ച തുകയ്ക്കായി പ്രത്യേക പദ്ധതി തയ്യാറാക്കി. അതുകൊണ്ട് ഇത് രണ്ട് പദ്ധതികളാക്കി മാറ്റാനായി തീരുമാനിച്ചു. 24 കോടി രൂപയുടെയും. 9.3 കോടി രൂപയുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കി. 9.3 കോടി രൂപയുടെ അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സർക്കാർ

പരിശോധിച്ചുവരികയാണ്. 24 കോടി രൂപയുടെ എസ്റ്റിമേറ്റ് റെഗുലേറ്റർ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും 9.3 കോടി രൂപയുടെ എസ്റ്റിമേറ്റ് പദ്ധതിയുടെ പൂർണ്ണലക്ഷ്യം കൈവരിക്കാൻ ബെഡ് സ്ലാബിന്റേയും അപ്രോച്ച് റോഡിന്റെയും പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടിയാണ് തുടർന്നുവരുന്നത്. ഇത് വളരെ അനിവാര്യമായ ഒരു പ്രവൃത്തിയാണ് എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ലാന്റ് അക്വസിഷൻ നടക്കേണ്ടതായിട്ടുണ്ട്. അതിന്മേലുള്ള ചില പരാതികൾ നിലവിലുണ്ടായിരുന്ന ആർ.എച്ച്.പി. നിർമ്മാണംമൂലം പ്രവേശനം ഇല്ലാതാകുന്നുവെന്ന് കാണിച്ച് സ്ഥലം കൈമാറാൻ സമ്മതപത്രം നൽകിയ വസ്തു ഉടമ വീണ്ടും ഒരു പരാതി നൽകി. ലാന്റ് പ്ലാൻ സർവ്വേ അനുസരിച്ച് അപ്രോച്ച് റോഡിന് വേണ്ടിവരുന്ന 0.2435 ഹെക്ടർ ഭൂമികൂടി ലാന്റ് അക്വസിഷൻ നിയമപ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. 9.3 കോടിരൂപയുടെ അധിക തുകയ്ക്കുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകി അപ്രോച്ച് റോഡിന് ലാന്റ് അക്വസിഷൻ നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്ന അവസ്ഥയും കൂടി സംജാതമാക്കി പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ തന്നെയാണ് ഗവൺമെന്റ്

ഉദ്ദേശിക്കുന്നത്.

## 7. പട്ടികജാതി കോളനികളുടെ നവീകരണ പ്രവൃത്തികൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, പട്ടികജാതി കോളനികളുടെ നവീകരണത്തിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ഗവൺമെന്റും നൽകിവരുന്ന പരിഗണനയെ ഈ സന്ദർഭത്തിൽ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. പേരാമ്പ്ര നിയോജകമണ്ഡലത്തിലെ വലിയ പറമ്പ് കോളനിയുടെ നവീകരണം വർഷങ്ങളായി നടക്കുകയാണ്. പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് നിർമ്മിതിയാണ്. ഈ പ്രവൃത്തിക്ക് നിരവധി ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇപ്പോഴും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. പേരാമ്പ്ര മണ്ഡലത്തിൽ തന്നെയുള്ള തുറയൂർ പഞ്ചായത്ത് ആക്കൂർ വയൽ കോളനിയുടെ പ്രവൃത്തി 2013-ൽ എഫ്.ഐ.റ്റി. -യാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതുവരെയും ജോലി പൂർത്തീകരിച്ചുകഴിഞ്ഞിട്ടില്ല. ഇപ്പോൾ ചെറുവണ്ണൂർ പഞ്ചായത്തിലെ കുണ്ടൂർത്തറ കോളനിയിൽ ഈ നവീകരണ പ്രവൃത്തി ആരംഭിക്കാൻ

തീരുമാനിച്ചിട്ടുണ്ട്. ഈ ജോലി ഏൽപ്പിച്ചിരിക്കുന്നത് നിർമ്മിതിയെയാണ്. കോഴിക്കോട് ജില്ലയിലെ അനുഭവങ്ങൾ പരിശോധിക്കുമ്പോൾ നിർമ്മിതിയെ ഏൽപ്പിക്കുന്ന ഒരു ജോലിയും സമയ ബന്ധിതമായി, സത്യസന്ധമായി നടപ്പിലാക്കുന്നില്ല. എല്ലാ എം.എൽ.എ. -മാരും ഈ പ്രശ്നത്തിന് ആക്ഷേപം ഉന്നയിക്കുന്നുണ്ട്. തുടർച്ചയായി ഈ ജോലി നിർമ്മിതിയെതന്നെ ഏൽപ്പിക്കുന്ന സ്ഥിതി വരുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടേണ്ടതുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള ചില ജോലികളെല്ലാം കോർപ്പസ് ഫണ്ട് ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചുമതലപ്പെടുത്തിയാണ് നടത്തുന്നത്. ഗവൺമെന്റിന്റെ നിയന്ത്രണത്തിൽതന്നെ കോളനിയുടെ നവീകരണ കാര്യവും നടത്താൻ സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഇപ്പോൾ എടുക്കുന്ന നിലപാട് പുനഃപരിശോധനയ്ക്ക് വിധേയമാക്കി ജനങ്ങളുടെ അനുഭവങ്ങൾകൂടി വിലയിരുത്തി തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. പി. രാമകൃഷ്ണൻ ഉന്നയിച്ചത് ഏറ്റവും

പ്രധാനപ്പെട്ട വിഷയമാണ്. പട്ടികജാതി കോളനികളുടെ നവീകരണത്തിനായി 2012-13, 2013-14 വർഷങ്ങളിൽ നടപ്പിലാക്കിയ സ്വയം പര്യാപ്തത ഗ്രാമങ്ങൾ, അതിനുശേഷം 2016-17 മുതൽ ആരംഭിച്ച അംബേദ്കർ ഗ്രാമവും അതിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങളുമാണ് ഇവിടെ സൂചിപ്പിച്ചത്. സർക്കാർ അക്രെഡിറ്റ് ഏജൻസികൾ മുഖേനയാണ് പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിവരുന്നത്. കൂടുതൽ ഏജൻസികൾക്ക് ഇതിൽ പങ്കെടുക്കാൻവേണ്ടി 3-12-2021-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതുകൊണ്ട് 36 ഏജൻസികൾക്ക് ഇതിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സാധിക്കും. അതോടൊപ്പം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പേരാമ്പ്ര മണ്ഡലത്തിലെ വിവിധ കോളനി വികസനപ്രവർത്തനവുമായി ബന്ധപ്പെട്ട് പരിശോധിക്കുകയുണ്ടായി. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 2012-13 -ൽ ഏറ്റെടുത്ത പദ്ധതികൾ പൂർത്തികരിക്കുന്നതിന് സാധിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതെല്ലാം പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ കൂടുതൽ മുന്നോട്ടുവരുന്നുണ്ട്. നേരത്തെ ചൂണ്ടിക്കാണിച്ച മറ്റൊരുകാര്യം പഞ്ചായത്തുകൾക്ക് ഫണ്ട് നൽകുന്ന കാര്യത്തെ

സംബന്ധിച്ചാണ്. പഞ്ചായത്ത് വകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ചചെയ്യുകയുണ്ടായി. അവിടെ എഞ്ചിനീയറിംഗ് വിംഗ് വേണ്ടത്രയായിട്ടില്ല. അതുകൂടി പരിഗണിച്ചുകൊണ്ടാണ് പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പും സംയുക്തമായി 500 -ഓളം അക്രെഡിറ്റ് എഞ്ചിനീയർമാരെ തെരഞ്ഞെടുക്കാൻ വേണ്ടിയുള്ള നടപടി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അക്രെഡിറ്റ് എഞ്ചിനീയേഴ്സ് ചാർജ് എടുത്തുകഴിഞ്ഞാൽ കോർപ്പസ് ഫണ്ടടക്കം ലോക്കൽ ബോഡികൾക്ക് നൽകുന്ന കാര്യത്തെ സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. അപ്പോൾ പ്രവർത്തനങ്ങൾ കാര്യക്ഷമമായി കാലതാമസം കൂടാതെ നടപ്പിലാക്കാൻ സാധിക്കും.

## 8. ബദൽ സ്കൂളുകളുടെ പ്രവർത്തനം

ശ്രീ. എ. പി. അനിൽ കുമാർ: സർ, കഴിഞ്ഞ 25 വർഷമായി ഏതാണ്ട് 273 ബദൽ സ്കൂളുകളാണ് കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 1997-ൽ DPEP (District Primary Education Programme)-യുടെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് സഹായത്തോടെയാണ് ആരംഭിച്ചത്. പിന്നീട് കേന്ദ്ര സഹായം നിർത്തിയശേഷം സംസ്ഥാന ഗവൺമെന്റുകൾതന്നെയാണ്

ബദൽ സ്കൂളുകൾ തുടരാൻ തീരുമാനിച്ചും കേരളത്തിൽ 273 സ്കൂളുകൾ തുടരുന്നതും. പക്ഷെ നിർഭാഗ്യമെന്ന് പറയട്ടേ, കഴിഞ്ഞ മെയ് മാസത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഇറക്കിയ ഒരു ഉത്തരവിൽ 27 ബദൽ സ്കൂളുകൾ ഒഴികെ ബാക്കി മുഴുവൻ ബദൽ സ്കൂളുകളും നിർത്തലാക്കാൻ തീരുമാനിച്ചിരുന്നു. അന്ന് നിർത്തലാക്കാൻ ബാക്കിയുണ്ടായിരുന്ന 27 സ്കൂളുകളും ഇപ്പോൾ നിർത്തലാക്കാൻ ധാരണയായെന്നാണ് ഇപ്പോൾ മനസ്സിലാകുന്നത്. അങ്ങനെ വന്നാൽ 25 വർഷമായി പ്രവർത്തിക്കുന്ന 273 സ്കൂളുകളും നിർത്തലാക്കുന്ന സാഹചര്യമാണുണ്ടാകുന്നത്. ഇതിന്റെ പ്രത്യേകതയെന്നത് ആദിവാസി, മലയോര മേഖലയിലാണ് ഇവ കൂടുതലായി പ്രവർത്തിക്കുന്നത്. പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിന് ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നവയാണ് ബദൽ സ്കൂളുകൾ. എം.എൽ.എ.-മാർ ഉൾപ്പെടെ ലക്ഷക്കണക്കിന് രൂപ അനുവദിച്ചാണ് കെട്ടിടങ്ങളുണ്ടാക്കിയിട്ടുള്ളത്. രണ്ടും മൂന്ന് കി.മീറ്റർ കടന്ന് അടുത്ത എൽ.പി. സ്കൂളിൽ പോകേണ്ട സാഹചര്യമുള്ളിടത്താണ് ഇത്തരം സ്കൂളുകൾ അനുവദിച്ചിട്ടുള്ളത്. കഴിഞ്ഞ പത്ത് വർഷമെടുത്തുനോക്കിയാൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളും എൽ.പി. സ്കൂളുകളും അനുവദിച്ചിട്ടില്ല.

പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുമെന്ന് ഒരു ഭാഗത്ത് പറയുകയും..... ആദിവാസി മേഖലയിൽ ഇപ്പോഴും ഒരു ശതമാനത്തിൽ താഴെ സ്കൂളിൽ പോകാത്ത കുട്ടികളുണ്ടെന്നാണ് പറയുന്നത്. ആദിവാസി, മലയോര, പിന്നോക്ക പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഇത്തരം വിദ്യാലയങ്ങൾ നിർത്തുന്നത് നമ്മുടെ പൊതുവിദ്യാഭ്യാസത്തെ തകർക്കാനേ ഉപകരിക്കുകയുള്ളൂ. എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് വിദ്യാലയങ്ങൾ നേരിട്ട് എനിക്കറിയാവുന്നതാണ്. മൂന്ന് കി.മീറ്റർ ദൂരെയാണ് എൽ.പി. സ്കൂളുകളുള്ളത്. അതുകൊണ്ട് ഈ നടപടി പിൻവലിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, യാത്രാസൗകര്യം തീരെയില്ലാത്തതും വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്നതുമായ ഒറ്റപ്പെട്ട തീരപ്രദേശങ്ങളിലെയും വനമേഖലകളിലെയും ജനങ്ങളെ രാജ്യവികസനത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി 1997-ൽ ഡി.പി.ഇ.പി. ആവിഷ്ക്കരിച്ച നൂതന ആശയമാണ് ഏകാദ്ധ്യാപക വിദ്യാലയങ്ങൾ അഥവാ Multi-Grade Learning Centres (MGLC). ഔപചാരിക വിദ്യാഭ്യാസത്തിനുതകുന്ന

വിദ്യാലയങ്ങൾ നിലവിലില്ലാത്ത മലയോര, ആദിവാസി വിദൂര പ്രദേശങ്ങളിലാണ് പ്രധാനമായും ഇത് ആരംഭിച്ചത്. 2009-ൽ വിദ്യാഭ്യാസ അവകാശ നിയമം നിലവിൽവന്നതിന്റെ ഫലമായി ആറ് മുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികളുടെ ഔപചാരിക വിദ്യാഭ്യാസം മൗലിക അവകാശമാകുകയും പിൽക്കാലത്ത് ഇത്തരം പഠന കേന്ദ്രങ്ങൾ Sarva Shiksha Abhiyan (SSA) പദ്ധതിയുൾപ്പെടുത്തുകയുമുണ്ടായി. വിദ്യാഭ്യാസ അവകാശ നിയമം നിലവിൽ വന്നതിനുശേഷം കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം SSA പദ്ധതിയിലൂടെ ഇത്തരം വിദ്യാലയങ്ങൾക്ക് നൽകിവന്ന ധനസഹായം നിർത്തലാക്കി. എന്നിരുന്നാലും പ്രസ്തുത കേന്ദ്രങ്ങൾ ഉടനടി നിർത്തലാക്കാൻ സാധിക്കാത്തതിനാൽ താൽകാലികമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ തുടരാൻ അനുവദിച്ചു. കുട്ടികൾക്ക് ഗുണമേന്മയുള്ള ഔപചാരിക വിദ്യാഭ്യാസം നൽകുന്നതിനായി മേൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ലഭ്യമായ സ്കൂൾ സൗകര്യങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് തലത്തിൽ സർവ്വെ നടത്തി പരിശോധിക്കുകയുണ്ടായി. ഔപചാരിക സ്കൂൾ സാഹചര്യങ്ങളിൽ പരിശീലനം സിദ്ധിച്ച, മതിയായ യോഗ്യതയുള്ള അദ്ധ്യാപകരുടെ കീഴിൽ

കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുകായെന്നത് കണക്കിലെടുത്ത് നിർത്തലാക്കാവുന്ന MGLC-കളുടെ പട്ടിക തയ്യാറാക്കി. സംസ്ഥാനത്ത് 11 ജില്ലകളിൽ 270 MGLC-കളിലായി 3818 വിദ്യാർത്ഥികളും 344 വോളന്റിയർമാരും മാത്രമാണുണ്ടായിരുന്നത്. ഇവ നിർത്തലാക്കുമ്പോൾ വിദ്യാർത്ഥികൾക്ക് തൊട്ടടുത്തുള്ള എൽ.പി. സ്കൂളുകളിൽ തുടർപഠനം സാധ്യമാകുമെന്ന് കണ്ടെത്തിയ സർവ്വെയുടെ അടിസ്ഥാനത്തിൽ പുന:പരിശോധന നടത്തി. പരിശോധനയിൽ നാലെണ്ണം മാത്രമാണ് ഉടനടി നിർത്തലാക്കാൻ കഴിയില്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടത്. നിർത്തലാക്കപ്പെട്ട കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾ തൊട്ടടുത്തുള്ള പ്രൈമറി സ്കൂളുകളിൽ ചേർന്ന് പഠനം തുടർന്നുവരുന്നുണ്ട്. ഇപ്രകാരം തുടർപഠനം നടത്തുന്ന സ്കൂളുകളിലേയ്ക്ക് യാത്രാസൗകര്യം ആവശ്യമാണെങ്കിൽ എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരള)-യുടെ സഹായത്തോടെ ആയത് ലഭ്യമാക്കുന്നതാണ്. ശാരീരികവും മാനസികവും വൈകാരികവുമായ വികാസമാണ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. സ്കൂൾ വിദ്യാഭ്യാസത്തിന്റെ അക്കാഡമിക ലക്ഷ്യവും സാമൂഹിക ലക്ഷ്യവും നേടണമെങ്കിൽ അഭിലഷണീയമായ എണ്ണം കുട്ടികൾ

സ്കൂളുകളിലുണ്ടാകണം. സ്കൂളുകളെ സംബന്ധിച്ചിടത്തോളം സ്മാർട്ട് ക്ലാസ് മുറികളും ഹൈടെക്ക് സ്കൂളുകളുമായി. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളോടെ മികവിന്റെ കേന്ദ്രങ്ങളായി സ്കൂളുകൾ മുന്നേറിക്കൊണ്ടിരിക്കുമ്പോൾ സൗകര്യങ്ങൾ താരതമ്യേന കുറഞ്ഞ MGLC-കളിൽ കുട്ടികളെ പഠിപ്പിക്കുന്നത് അവരുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം നിഷേധിക്കലാണ്. പ്രസ്തുത സാഹചര്യത്തിലാണ് എൽ.പി. സ്കൂളിൽ എത്തിച്ചേരാൻ സാധിക്കാത്ത MGLC-കളിലെ വിദ്യാർത്ഥികളെ തദ്ദേശഭരണ സ്ഥാപനത്തിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സഹായത്തോടെ സ്കൂളുകളിൽ എത്തിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് മുൻകയ്യെടുത്തത്. മേൽ സാഹചര്യത്തിൽ ബദൽ സ്കൂളുകൾ നിർത്തലാക്കിയതുമൂലം വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും പ്രയാസങ്ങൾ ഉണ്ടാകുകയില്ല.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ,.... (മൈക്ക് ഓഫ്).

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 03.06.2022-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ അരിമംഗലം, അരിമണൽ, മഞ്ഞൾപ്പാറ, തരിക്കളം,

കാളംതിരുത്തി, മേൽമുറി എന്നീ MGLC-കൾ നിർത്തലാക്കാനുള്ള നടപടി താൽകാലികമായി നിർത്തിവച്ചിട്ടുണ്ട്. ഏകാദ്ധ്യാപക വിദ്യാലയങ്ങൾ വരുന്ന പ്രദേശത്തെ എം.എൽ.എ.-മാരുമായി ഒരു യോഗം ചേരാം. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെക്കൂടെ പങ്കെടുപ്പിച്ചുകൊണ്ട് സബ്മിഷനിലൂടെ ഉന്നയിക്കപ്പെട്ട പ്രശ്നവും ഞാൻ പറഞ്ഞ പ്രശ്നവും ചർച്ച ചെയ്ത് ഏതാണ് ശരിയെന്ന് നോക്കി തീരുമാനമെടുക്കാം.

## 9. കാളംതിരുത്തി MGLC സ്കൂളിന്റെ പ്രവർത്തനം

ശ്രീ. കെ. പി. എ. മജീദ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ കാളംതിരുത്തി MGLC വിദ്യാലയം, പരപ്പനങ്ങാടി ബീച്ചിൽ പ്രവർത്തിക്കുന്ന Aviyil Beach School എന്നീ രണ്ട് സ്കൂളുകളും മന്ത്രി നേരത്തെ പറഞ്ഞപോലെ പൂട്ടുന്ന വക്കിലാണ്. കാളംതിരുത്തിയെന്നത് ഒരു ദ്വീപാണ്. അവിടെനിന്ന് വേറെ വിദ്യാലയത്തിലെത്തണമെങ്കിൽ എട്ടര കി.മീറ്റർ പോകണം. ഈ സ്കൂളിൽ പ്രീ-പ്രൈമറി, പ്രൈമറി വിഭാഗങ്ങളിലായി ക്ലാസ്സുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രീ-പ്രൈമറി വിഭാഗത്തിൽ 35 കുട്ടികളും പ്രൈമറി വിഭാഗത്തിൽ 78 കുട്ടികളുമടക്കം ആകെ 113 കുട്ടികളുണ്ട്. 2015-ലെ സർക്കാർ ഉത്തരവ് അനുസരിച്ച്

ജലവിഭവ വകുപ്പിന്റെ ഒരു ഏക്കർ പത്ത് സെന്റ് സ്ഥലം ഈ വിദ്യാലയത്തിന് വിട്ടുകൊടുത്തിട്ടുണ്ട്. അതുപോലെതന്നെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് 30 ലക്ഷം രൂപ ചെലവാക്കിയും എസ്.എസ്.എ. ഫണ്ടിൽനിന്ന് 15 ലക്ഷം രൂപ ചെലവഴിച്ചും സ്കൂളിന്റെ കെട്ടിടം നിർമ്മിച്ച് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ചുറ്റുമതിലും പണിതിട്ടുണ്ട്. ധാരാളം കുട്ടികളുള്ള നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാലയമാണ് പൂട്ടുന്ന സ്ഥിതിയിൽ നിൽക്കുന്നത്. ഭൂമിശാസ്ത്രപരമായി കാളംതിരുത്തിയെന്ന പ്രദേശം ഒരു ദ്വീപായി കിടക്കുകയാണ്. വെള്ളത്താൽ ചുറ്റപ്പെട്ട സ്ഥലമാണ്. നന്നമ്പ്ര പഞ്ചായത്ത് ഒരു ഭാഗത്തും മറ്റൊരു ഭാഗം പരപ്പനങ്ങാടി, തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുമാണ്. പൂട്ടുകയെന്നത് ഇതിനെ സംബന്ധിച്ച് വ്യക്തമായ ഒരു ധാരണയോ പഠനമോയില്ലാതെ ചെയ്യുന്നതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മന്ത്രി പറഞ്ഞതുപോലെ ഇതുസംബന്ധിച്ച് കോടതിയിൽനിന്ന് തൽക്കാലം സ്റ്റേ വാങ്ങിയിട്ടുണ്ടെങ്കിലും പരപ്പനങ്ങാടി ബീച്ചിലെ വിദ്യാലയത്തിനും പ്രശ്നം വന്ന് നിൽക്കുകയാണ്. ഈ കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി നടപടിയെടുക്കണം. കോടതി

സ്റ്റേ മാറ്റാൻ കാത്തിരിക്കേണ്ട കാര്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ നേരത്തെ പറഞ്ഞ മറുപടി ആവർത്തിച്ച് സമയം കളയുന്നില്ല. അങ്ങ് ഇവിടെ സൂചിപ്പിച്ച സ്കൂളിനെ സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ട WP(C) No. 18106/2002-ൽ 08.06.2022-ൽ പുറപ്പെടുവിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത MGLC താൽകാലികമായി നിലനിർത്തിയിട്ടുണ്ട്. MGLC-കളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റം അവർക്ക് അനുഭവിക്കാൻ കഴിയുന്നില്ല. പഴയ രൂപത്തിൽ ഏകാദ്ധ്യാപകരും പരിമിതമായ സൗകര്യത്തിലുമാണ് അവർ പഠിക്കുകയാണ്. യാത്രാസൗകര്യം ഒരു പ്രശ്നമാണെങ്കിൽ എസ്.എസ്.കെ. അത് ഏർപ്പെടുത്തുന്നുണ്ട്. ഏകാദ്ധ്യാപക സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പൊതുവിദ്യാഭ്യാസത്തിൽ ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന അതിവേഗതയിലുള്ള അത്യന്താധുനിക ശാസ്ത്ര സാങ്കേതിക വിദ്യയും അതുമായി ബന്ധപ്പെട്ടുള്ള എല്ലാ വിദ്യാഭ്യാസ സൗകര്യങ്ങളും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. അതുകൊണ്ടാണ് ബദൽ സ്കൂളുകൾ

നിർത്തലാക്കിയിട്ട് പൊതുവിദ്യാലയങ്ങളിലേയ്ക്ക് കുട്ടികളെ കൊണ്ടുപോകുന്നതിനുവേണ്ടി സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്. നേരത്തെ സൂചിപ്പിച്ചതുപോലെ ഇത് ബാധിക്കുന്ന പ്രദേശത്തെ എം.എൽ.എ.-മാരുമായി ചർച്ച ചെയ്ത് സ്കൂളുകൾ നിലനിർത്തണമെന്നാണ് താൽപര്യമെങ്കിൽ അത് ആലോചിച്ച് ചെയ്യാമെന്നാണ് എനിക്ക് പറയാനുള്ളത്.

(10) ഇരിക്കൂറിലെ യാത്രാക്ലേശം

ശ്രീ. സജീവ് ജോസഫ്: സർ, കോവിഡ് കാലത്ത് ഇരിക്കൂർ നിയോജകമണ്ഡലത്തിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഏറ്റവും ലളിതമായി ജില്ലാതലത്തിൽ പരിഹരിക്കേണ്ടൊരു വിഷയം സഭയിൽ സബ്മിഷനായി ഉന്നയിക്കേണ്ട സാഹചര്യമുണ്ടായത് വളരെയേറെ ദൗർഭാഗ്യകരമാണ്. പരിണതപ്രജ്ഞനായ ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അടിയന്തര

നടപടി സ്വീകരിക്കണമെന്ന അഭ്യർത്ഥന ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. എല്ലാ വികസന സമിതി യോഗങ്ങളിലും ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ വളരെയേറെ ചർച്ച ചെയ്യപ്പെട്ടുന്നൊരു വിഷയമാണിത്. കോവിഡിനുശേഷം പല സ്ഥലങ്ങളിലും ബസ്സുകൾ പുനഃസ്ഥാപിച്ചെങ്കിലും നാളിതുവരെയായി ഇവിടെ അതിന് നടപടി സ്വീകരിച്ചില്ല. കണ്ണൂർ ഡിപ്പോയിൽ 102 ബസ് സർവ്വീസുകളുണ്ടായിരുന്നതിൽ 82 സർവ്വീസുകളാണ് നിലവിലുള്ളത്. 20 സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടുണ്ട്. വെട്ടിക്കുറച്ച സർവ്വീസുകളിൽ 14-ഉം ഇരിക്കൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്നവയായിരുന്നു. ബാക്കിയെല്ലാം പേരാവൂർ നിയോജകമണ്ഡലത്തിലെ മലയോര മേഖലാ പ്രദേശങ്ങളിലേയ്ക്കുള്ള സർവ്വീസുകളായിരുന്നു. മലയോര മേഖലയിലെ നിയോജകമണ്ഡലങ്ങളോട് കടുത്ത വിവേചനം കാണിക്കുകയാണ്. ഇക്കാര്യം ജില്ലാവികസന സമിതി യോഗത്തിൽ ചർച്ച ചെയ്തിട്ടും ഡിപ്പോയിൽ ആവശ്യമുന്നയിച്ചിട്ടും വളരെ നിരുത്തരവാദപരമായ നിലപാടാണ് ജില്ലാ ഭരണകൂടവും കണ്ണൂർ ഡിപ്പോയും സ്വീകരിച്ചത്. നിരവധി റൂട്ടുകളുണ്ട്. അവയൊന്നും ഞാൻ ഇവിടെ വായിക്കുന്നില്ല. പതിനാല് റൂട്ടുകൾ ഒരുമിച്ച് നിർത്തലാക്കിയതുകാരണം തൊഴിലാളികൾക്ക് ജോലി

സ്ഥലത്തേയ്ക്കോ കൃഷിക്കാർക്ക് കൃഷിയിടങ്ങളിലേയ്ക്കോ പോകാൻ കഴിയുന്നില്ല. കൂടാതെ പല കുട്ടികൾക്കും ഇപ്പോൾ സ്കൂളിൽ പോകാൻ സാധിക്കാത്ത അവസ്ഥയുമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണം. കണ്ണൂർ ഡിപ്പോയുമായി ബന്ധപ്പെടുമ്പോൾ ബസ്സില്ല, ജീവനക്കാരില്ല, ടയർ ഇല്ല, ഡ്യൂട്ടിയിൽ വന്നിരിക്കുന്ന മാറ്റമാണ് എന്നൊക്കെയാണ് മറുപടി പറയുന്നത്. വളരെ വിചിത്രമായ കാര്യങ്ങളാണ്. ഇക്കാര്യത്തിൽ അടിയന്തര നടപടിയുണ്ടാകണമെന്നും മലയോരമേഖലാ പ്രദേശം എന്ന നിലയ്ക്ക് അവിടത്തെ യാത്രാക്ലേശത്തിന് പരിഹാരമുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച ആവശ്യം കേരളത്തിലെ എല്ലാ ഡിപ്പോകളിലെയും സങ്കീർണ്ണ പ്രശ്നമായി മാറിയെന്നത് യാഥാർത്ഥ്യമാണ്. കോവിഡ് 19-നുശേഷം പൊതുഗതാഗത സംവിധാനത്തിലൂടെ യാത്ര ചെയ്യുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. കോവിഡിനുമുമ്പ് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യുന്നവരുടെ

എണ്ണത്തെക്കാൾ ഏതാണ്ട് പകുതി യാത്രക്കാർ മാത്രമേ ഇപ്പോൾ കെ.എസ്.ആർ.ടി.സി. ബസ്സുകളെ, പൊതുഗതാഗത സംവിധാനത്തെ പൊതുവെ ആശ്രയിക്കുന്നുള്ളൂ. ഈ പശ്ചാത്തലത്തിൽ വരുമാനക്കുറവുമൂലം നഷ്ടത്തിലോടുന്ന സർവ്വീസുകൾ പുനഃക്രമീകരിക്കുകയും ചില സർവ്വീസുകൾ നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇരിക്കൂർ നിയോജകമണ്ഡലത്തിലും ചില സർവ്വീസുകൾ പുനഃക്രമീകരിക്കുകയും നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ്-ചീക്കോട്, കാഞ്ഞങ്ങാട്-ഉരുമ്പി സർവ്വീസുകളും കണ്ണൂർ യൂണിറ്റിൽനിന്നും ഇരിക്കൂർ നിയോജകമണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്ന അഞ്ച് സർവ്വീസുകളും വരുമാനക്കുറവുമൂലം താൽക്കാലികമായി നിർത്തലാക്കേണ്ടിവന്നിട്ടുണ്ട്. മാനന്തവാടി-ചീക്കാട് സർവ്വീസും ഇന്ധനചെലവുപോലും ലഭിക്കാത്തതിനാൽ നിർത്തലാക്കേണ്ടിവന്നു. വരുമാനക്കുറവുമൂലം പയ്യന്നൂർ-തേർത്തല്ലി സർവ്വീസ് കോവിഡിനുമുമ്പുതന്നെ നിർത്തിയിരുന്നു. അങ്ങുൾപ്പെടെയുള്ളവരുടെ ആവശ്യപ്രകാരം വീണ്ടും അത് ഓപ്പറേറ്റ് ചെയ്തെങ്കിലും റണ്ണിംഗ് കോസ്റ്റുപോലും ലഭിക്കാത്ത സാഹചര്യത്തിൽ ആ സർവ്വീസ് വീണ്ടും നിർത്തലാക്കേണ്ടിവന്നു.

കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിൽനിന്നും പാലാ ഡിപ്പോയിൽനിന്നുമുൾപ്പെടെ ഇരിക്കൂർ നിയോജകമണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്ന, കെ.എസ്.ആർ.ടി.സി.ക്ക് ഭീമമായ നഷ്ടമില്ലാത്ത മറ്റ് സർവ്വീസുകളെല്ലാം ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ജനോപകാരപ്രദമായതും കെ.എസ്.ആർ.ടി.സി.-ക്ക് ഭീമമായ നഷ്ടമുണ്ടാക്കാത്തതുമായ സർവ്വീസുകൾ പുനഃക്രമീകരിച്ച് കൂടുതൽ ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്ന കാര്യം പരിഗണിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിൽ മുഴുവൻ നഷ്ടവും ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 'ഗ്രാമവണ്ടി' പദ്ധതിയിൽ പങ്കാളിയാകാൻ തയ്യാറായാൽ ആഗസ്റ്റ് മാസം മുതൽ നിലച്ചുപോയ എല്ലാ സർവ്വീസുകളും നഷ്ടം നോക്കാതെ ഓപ്പറേറ്റ് ചെയ്യാൻ കെ.എസ്.ആർ.ടി.സി. തയ്യാറാണ്.